III.ഇ.ബി./XII-കേരള നിയമസഭ/II-16.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## **2006 ഒക്ടോബർ 16, തിങ്കൾ**

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗംചേർന്നു.

**ചരമോപചാരം**

മത്തായി ചാക്കോയുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

പതിനൊന്നാം കേരള നിയമസഭാംഗവും പന്ത്രണ്ടാം കേരള നിയമസഭയിലെ സിറ്റിംഗ് എം.എൽ.എ.യുമായിരുന്ന മത്തായി ചാക്കോയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണൻ റഫറൻസ് നടത്തുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

മുഖ്യമന്ത്രി ശ്രീ. വി..എസ്. അച്ചുതാനന്ദൻ, മന്ത്രിമാരായ സർവ്വശ്രീ. സി. ദിവാകരൻ, മാത്യു ടി. തോമസ്, റ്റി.യു. കുരുവിള, എൻ.കെ.പ്രേമചന്ദ്രൻ, പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, സർവ്വശ്രീ കെ.എം. മാണി, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, പി.സി. ജോർജ്, രാമചന്ദ്രൻ കടന്നപ്പള്ളി, എ.കെ.ശശീന്ദ്രൻ, പി.എം.എ.സലാം എന്നിവരും അനുശോചനം രേഖപ്പെടുത്തി സംസാരിച്ചു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

16–10–2006–ന് നടത്താനിരുന്ന ബിസിനസ് അടുത്തദിവസത്തേയ്ക്ക് മാറ്റിവയ്ക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

2006 ഒക്ടോബർ മാസം 17–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.47–ന് പിരിഞ്ഞു.